**കേരള സർക്കാർ**

**ധനകാര്യ (എസ്.എഫ്.സി – ബി) വകുപ്പ്**

**<u>സർക്കുലർ നമ്പർ 109/2018/ധന തീയതി 23/11/2018</u>**

വിഷയം : - സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കൾ - മരണപ്പെട്ടവരുടെ വിവരങ്ങൾ പരിശോധന നടത്തി ഡേറ്റാ ബേസിൽ നിന്ന് ഒഴിവാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു

സൂചന :- 03/08/2018 ലെ സ.ഉ (എം എസ്) നം.278/2018/ധന നമ്പർ ഉത്തരവ്

സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെട്ട വിവരം പ്രാദേശിക സർക്കാരുകളിൽ യഥാസമയം റിപ്പോർട്ട് ചെയ്യാത്തത് നിമിത്തം ഒരു ഗുണഭോക്താവ് മരണപ്പെട്ട ശേഷവും പെൻഷൻ അനുവദിക്കപ്പെടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയും ഇത്തരത്തിൽ മരണപ്പെട്ടവരെ അടിയന്തരമായി തന്നെ ഡേറ്റാ ബേസിൽ നിന്ന് ഒഴിവാക്കുന്നതിനും നിർദ്ദേശങ്ങൾ സൂചന പ്രകാരം ഇതിനോടകം തന്നെ സർക്കാർ നൽകിയിട്ടുണ്ട്. അതേ സമയം മരണ ജനന രജിസ്റ്ററിൽ നിന്നും ലഭിക്കുന്ന മരണപ്പെട്ടവരുടെ വിവരങ്ങൾ സേവന സോഫ്റ്റ് വെയറിൽ അതാത് പ്രാദേശിക സർക്കാർ സെക്രട്ടറിക്ക് ലഭ്യമാക്കുകയും അത്തരക്കാരുടെ വിവരങ്ങൾ അന്വേഷിച്ച് സേവനയിൽ നിന്ന് സസ്പെന്റ് ചെയ്യുന്നതിലേക്കും നിർദ്ദേശം നൽകിയിരുന്നുവെങ്കിലും ഇത്തരക്കാരെ യഥാസമയം ഒഴിവാക്കുന്നതിന് ചില പ്രാദേശിക സർക്കാരുകൾ നടപടി സ്വീകരിക്കുന്നില്ല എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാക്കുന്നു എന്ന സാഹചര്യത്തിൽ ഇതുമായി ബന്ധപ്പെട്ട് ചുവടെ ചേർത്തിരിക്കുന്ന തുടർ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1) സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ടാൽ പ്രസ്തുത വ്യക്തിയെ ഡേറ്റാ ബേസിൽ നിന്ന് സസ്പെന്റ് ചെയ്യാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

2) ഇത്തരത്തിൽ മരണപ്പെട്ടതിന് ശേഷവും ഇത്തരത്തിൽ ഡേറ്റാ ബേസിൽ തുടരുന്ന വ്യക്തികളുടെ വിവരങ്ങൾ ഐ.കെ.എം, സേവന സോഫ്റ്റ് വെയർ മുഖാന്തിരം പ്രാദേശിക സർക്കാർ സെക്രട്ടറിമാർക്ക് ലഭ്യമാക്കേണ്ടതാണ്.

3) ഇത്തരത്തിൽ സേവനയിൽ ലഭ്യമായിട്ടുള്ള മരണപ്പെട്ട ഗുണഭോക്താക്കളുടെ വിവരങ്ങൾ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ പരിശോധിക്കേണ്ടതും അത്തരക്കാരെ 15 ദിവത്തിനുള്ളിൽ ഡേറ്റാ ബേസിൽ നിന്ന് സസ്പെന്റ് ചെയ്യേണ്ടതുമാണ്.

4) ഇത്തരത്തിൽ 15 ദിവസത്തിനുള്ളിൽ അന്വേഷണം നടത്തി സസ്പെന്റ് ചെയ്യപ്പെടാത്ത ഗുണഭോക്താക്കളുടെ പെൻഷൻ ഐ.കെ.എം മുഖാന്തിരം സർക്കാർ തന്നെ സസ്പെന്റ് ചെയ്യുന്നതാണ്.

**ഡോ.ഷർമിള മേരി ജോസഫ് ഐ എ എസ്**
**ധനകാര്യ എക്സ്പെന്റിച്ചർ സെക്രട്ടറി**

പകർപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ് എസ് എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം (സർക്കുലറിന്റെ പകർപ്പ് എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും ലഭ്യമാക്കേണ്ടതാണ്).
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം (സർക്കുലറിന്റെ പകർപ്പ് എല്ലാ മുനിസിപാലിറ്റികൾക്കും, മുനിസിപ്പൽ കോർപ്പറേഷനുകൾക്കും ലഭ്യമാക്കേണ്ടതാണ്).
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ മുനിസിപ്പാലിറ്റികൾക്കും മുനിസിപ്പൽ കോർപ്പറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം, വിവര പൊതുജന സമ്പർക്ക വകുപ്പ്.
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
നോഡൽ ഓഫീസർ., ധനകാര്യ വകുപ്പ്( (www.finance.kerala.gov.in)
ബിൽ/കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ